# തുഞ്ചത്ത് എഴുത്തച്ഛന്റെ ചോള-പല്ലവ ബന്ധങ്ങൾ

പ്രൊഫ. ടി.ബി. വിജയകുമാർ

**എഴുത്തച്ഛന് മധ്യകാല ചോള-പല്ലവ രാജവംശങ്ങളുമായി ബന്ധമുണ്ടായിരുന്നു. ബ്രാഹ്മണാധിപത്യത്തിനെതിരായ കലാപമായിരുന്നു എഴുത്തച്ഛന്റെ സാഹിത്യം എന്നു നിരീക്ഷിക്കുന്നു. വി.സി. ശ്രീജന്റെ ലേഖനത്തിനു മറുപടിയായി, അക്കാലത്തെ സാമൂഹിക സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് എഴുത്തച്ഛൻ നായരായിരുന്നില്ല എന്ന നിഗമനത്തിലെത്തുന്നു.**



എഴുത്തച്ഛൻ - ചിത്രകാരന്റെ ഭാവനയിൽ

തുഞ്ചത്ത് എഴുത്തച്ഛന്റെ സാമൂഹികമായ ഉറവിടത്തെ സംബന്ധിച്ച് ഇതുവരെ ആരും ഗൗരവമായ അന്വേഷണമൊന്നും നടത്തിയിട്ടില്ല. ഗൗരവമായ കണ്ടെത്തലുകൾ ഒന്നുംതന്നെ ഇതുവരെ ഉണ്ടായിട്ടുമില്ല.

എഴുത്തച്ഛനും അദ്ദേഹത്തിന്റെ കുടുംബത്തിനും അദ്ദേഹം ഉൾപ്പെടുന്ന സമുദായത്തിനും മധ്യകാല ചോളരാജാക്കന്മാരുമായും പല്ലവ രാജവംശവുമായും അഭേദ്യമായ ബന്ധമുണ്ട്. 1886 (എ.ഡി.) മുതൽ അന്നത്തെ മദ്രാസ് ഗവൺമെന്റ് പുരാരേഖാ പഠന വിദഗ്ധനായിരുന്ന പ്രൊഫ. ഇ. ഹൽട്സ് (E. Hultzsch) ന്റെ നേതൃത്വത്തിൽ ദക്ഷിണേന്ത്യയിലെ പുരാലിഖിതങ്ങൾ വായിച്ചെടുക്കുകയും അവ തർജമചെയ്ത് പ്രസിദ്ധീകരിക്കുകയും ഉണ്ടായി. 'ദക്ഷിണേന്ത്യയിലെ ലിഖിതങ്ങൾ' (South Indian Inscriptions) എന്നപേരിലാണ് അവ പ്രസിദ്ധീകൃതമായത്. ആദ്യ വാല്യം 1890-ൽ പ്രസിദ്ധീകരിച്ചു. 1906-വരെ പ്രൊഫ. ഇ. ഹൽട്സിന്റെ പ്രവർത്തനം തുടർന്നു. 1909 മുതൽ അന്നത്തെ ഇന്ത്യാ ഗവൺമെന്റിന്റെ എപ്പിഗ്രാഫിസ്റ്റായ (Epigraphist) എം.വി. വെങ്കയ്യയും എം.എ. റായി ബഹദൂറും ആ പ്രവർത്തനം തുടർന്നു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ASI) ദക്ഷിണേന്ത്യയിലെ ലിഖിതങ്ങൾ (SII) എന്നപേരിൽ 26 വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

പ്രൊഫ. ഇ. ഹൽട്സ് തന്നെ 321 ലിഖിതങ്ങൾ പരിശോധിച്ച് തർജമചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽനിന്നെല്ലാം ദക്ഷിണേന്ത്യയിലെ മധ്യകാല ചോള, പല്ലവ, പാണ്ഡ്യ രാജ്യങ്ങളുടെ ചരിത്രം നമുക്ക് നിർമിച്ചെടുക്കാവുന്നതാണ്. നൂറുകണക്കിന് ലിഖിതങ്ങൾ ഇന്ന് ഗവേഷകർക്ക് ലഭ്യമാണ്. കല്ലിലും ചെമ്പുതകിടിലുമാണ് ഈ ലിഖിതങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. എ.ഡി. 9-ാം നൂറ്റാണ്ടുമുതൽ 13-ാം നൂറ്റാണ്ടുവരെയുള്ള മധ്യകാല ചോള സാമ്രാജ്യത്തെ സംബന്ധിച്ചുള്ള ധാരാളം ലിഖിതങ്ങൾ ഉണ്ട്. തുഞ്ചത്ത് എഴുത്തച്ഛന്റെ പൂർവികരായിരുന്ന കടുപട്ടർ, കടു

പട്ടൻ അഥവാ കടുപട്ടികൾ എന്നിവരെ പരാമർശിക്കുന്ന ഏകദേശം അരഡസനിലേറെ ലിഖിതങ്ങൾ ഇന്ന് പ്രസിദ്ധീകൃതമായുണ്ട്. അവയെക്കുറിച്ചു പഠിക്കുന്നതിനായി ഇതുവരെ ആരും കാര്യമായി മുതിർന്നിട്ടില്ല. അതിനുള്ള എളിയ ശ്രമമാണ് ഈ ലേഖകൻ ചെയ്യുന്നത്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'എഴുത്തച്ഛൻ എഴുതുമ്പോൾ' എന്ന വി.സി. ശ്രീജനെഴുതിയ ലേഖനം (88:3) ഞാൻ എത്തിച്ചേർന്നിട്ടുള്ള നിഗമനത്തിൽ തികച്ചും യോജിക്കുന്നതല്ല. ശ്രീജൻ ഈ ലേഖനമെഴുതുന്നതിന് എന്താണ് പ്രകോപനമെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. എഴുത്തച്ഛന്റെ ജാതി മാറ്റുന്നതിനുള്ള സംഘടനാശ്രമങ്ങൾ തുടങ്ങിയിട്ട് ഏറെ നാളായി.

എഴുത്തച്ഛന്റെ പൂർവികരായിരുന്നവർ മലബാർ തീരത്ത് ആദ്യമായി സ്ഥിരതാമസമുറപ്പിച്ചത് എ.ഡി. 1428-ലാണ്. ഇന്നത്തെ മലപ്പുറം ജില്ലയിലെ തിരുനാവായയ്ക്കടുത്ത് 'പട്ടർ നടക്കാവ്' എന്ന സ്ഥലത്താണ് ഇവർ ആദ്യമായി കുടിയേറിയത്. അത് ഒരു വലിയ കുടിയേറ്റമായി കണക്കാക്കേണ്ടതില്ല. പശ്ചിമഘട്ട മലനിരകളുടെ അപ്പുറത്തുനിന്ന് ഇപ്പുറത്തേക്ക് വന്നു എന്നു മാത്രം. കോഴിക്കോട് സാമൂതിരിയുടെ ഗ്രന്ഥവരിയിലാണ് ഇതു സംബന്ധിച്ച ചെമ്പുപട്ടയം ഉണ്ടായിരുന്നത്. കെ.വി. കൃഷ്ണയ്യർ (1), എം.ജി.എസ്. നാരായണൻ, പി.സി.എം. രാജ (തമ്പാൻ തമ്പുരാൻ), കെ. ബാലകൃഷ്ണക്കുറുപ്പ് തുടങ്ങിയ ചരിത്രകാരന്മാരും എൽ.കെ. അനന്തകൃഷ്ണയ്യർ തുടങ്ങിയ നരവംശ ശാസ്ത്രജ്ഞന്മാരും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം നാട്ടിൽനിന്ന് എന്തുകൊണ്ടോ തിരസ്കരിക്കപ്പെട്ട അവർക്ക് അഭയംനല്കിയത് കോഴിക്കോട് സാമൂതിരിയാണ്. അവരുടെ പൂർവവാസസ്ഥലത്ത് കടുപട്ടികൾ അഥവാ മലയാളത്തിൽ കടുപട്ടർ അഥവാ കടുപട്ടൻ എന്ന പേരിൽ (കുടുംബപ്പേരിലോ സ്ഥാനപ്പേരിലോ) ആണ് അറിയപ്പെട്ടിരുന്നത്. അവർ ഉന്നതകുലജാതരും രാജകുടുംബവുമായി ബന്ധമുള്ളവരുമായിരുന്നു എന്നാണ് നേരത്തേ സൂചിപ്പിച്ച ലിഖിതങ്ങൾ സൂചിപ്പിക്കുന്നത്. 'കടുകതൃക്തസ്തേയാൽ' എന്ന കലിദിനസംഖ്യയനുസരിച്ചാണ് അവർ വന്ന കാലഘട്ടം കണക്കാക്കുന്നത്. പലരും കുറച്ച് മാറ്റത്തോടെ തീയതി കണക്കാക്കുന്നുണ്ടെങ്കിലും 1428 ജനവരി 5-ാം തീയതിയാണ് ഏറ്റവും കൂടുതൽ സ്വീകരിക്കപ്പെടുന്ന തീയതി. സാമൂതിരി കോലോത്തെ ഏറ്റവും മൂത്ത തമ്പുരാട്ടിയാണ് (അമ്പാടി കോവിലകം) അവർക്ക് എഴുത്തച്ഛനെന്ന സ്ഥാനപ്പേരും അന്ന് പൊതുവെ നിരക്ഷരരായിരുന്ന ശൂദ്രന്മാരെ അക്ഷരം പഠിപ്പിക്കുന്ന തൊഴിലും നല്കിയത്.

നിരവധി കഷ്ടപ്പാടുകൾ സഹിച്ചതിനുശേഷമാണ് അവർക്ക് ഈ സ്ഥാനലബ്ധിയും തൊഴിലും ലഭിച്ചത്. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവരുടെ കഷ്ടപ്പാടിനെക്കുറിച്ചു പറയുന്നുണ്ട്. സാമൂഹിക പദവിയിൽ അന്ന് അവർക്ക് ലഭിച്ച സ്ഥാനം ശൂദ്രന്മാർക്കു മുകളിലായിരുന്നു. എന്നാൽ അവർക്ക് അധികകാലം ഈ പദവിയിൽ തുടരാൻ കഴിഞ്ഞില്ല. പലരുടെയും പ്രേരണകൊണ്ടും ഗൂഢാലോചനകൊണ്ടും മങ്ങാട്ടച്ചൻ അടക്കമുള്ള (മങ്ങാട്ടച്ചൻ = മന്ത്രിപ്പണി ചെയ്യുന്നയാൾ) അവരുടെ സാമൂഹികപദവി താഴ്ത്തപ്പെട്ടു. ജാതിശ്രേണിയിൽ ശൂദ്രനു മുകളിലായിരുന്ന അവർ ശൂദ്രനു താഴെയായി. എഴുത്തച്ഛന്റെ കാലഘട്ടത്തിന് അല്പം മുൻപ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലോ ഇത് നടന്നിരിക്കണം.



വി.സി. ശ്രീജൻ

**എഴുത്തച്ഛൻസമുദായത്തിന്റെ ചോള, പല്ലവ രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ മൂലമാണ് എഴുത്തച്ഛന് അന്നത്തെ നിലയിലുള്ള ഉന്നത വിദ്യാഭ്യാസം നേടാൻ കഴിഞ്ഞത്. അതിനാൽ എഴുത്തച്ഛൻ നായർജാതിക്കാരനെന്നുള്ള ശ്രീജന്റെ വിലയിരുത്തൽ പരമ അബദ്ധമാണ്.**

മധ്യകാല ചോളരാജാക്കന്മാർ മിക്കവാറും പാണ്ഡ്യരാജാക്കന്മാരുമായി നിരന്തരമായി യുദ്ധത്തിലായിരുന്നു. അവർ ശക്തിസംഭരണത്തിനുവേണ്ടി പല്ലവരാജകുടുംബത്തിൽനിന്നും അവരോട് ബന്ധപ്പെട്ടുനില്ക്കുന്ന നാടുവാഴി (അരയർ) കുടുംബങ്ങളിൽനിന്നും വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നു. കടുപട്ടികൾ എന്ന സ്ഥാനപ്പേരോ കുടുംബപ്പേരോ ഉള്ള കുടുംബങ്ങളിൽപെട്ട സ്ത്രീകളെ വിവാഹംചെയ്തതിന്റെ ധാരാളം തെളിവുകൾ ലിഖിതങ്ങളിൽ കാണാവുന്നതാണ്. ദക്ഷിണേന്ത്യൻ ലിഖിതങ്ങളിൽ (South Indian Inscription Volume 1-26) മൂന്നാമത്തെ വാല്യത്തിൽ കടുപട്ടികൾ അഥവാ കടുപട്ടർ എന്ന് പരാമർശമുണ്ട്. മധ്യകാല ചോളരാജാക്കന്മാരുടെ ഭരണകാലവും വംശാവലിയും താഴെ ചേർക്കുന്നു.

വിജയാലയ ചോള:
848-871 എ.ഡി.
ആദിത്യ ഒന്നാമൻ:
871-907 എ.ഡി.
പരാന്തക ചോള ഒന്നാമൻ:
907-950 എ.ഡി.
ഗന്ധരാദിത്യ ചോള:
950-957 എ.ഡി.
അരിഞ്ജയ ചോള:
956-957 എ.ഡി.
സുന്ദര ചോള:
957-970 എ.ഡി.
ഉത്തമ ചോള:
970-985 എ.ഡി.
രാജരാജ ചോള:
985-1014 എ.ഡി.
രാജേന്ദ്ര ചോള:
1012-1044 എ.ഡി.
രാജാധിരാജ ചോള:
1018-1054 എ.ഡി.
രാജേന്ദ്രചോള രണ്ടാമൻ:
1051-1063 എ.ഡി
വീരരാജേന്ദ്രചോള:
1063-1070 എ.ഡി.
ആദിരാജേന്ദ്രചോള:
1067-1070 എ.ഡി.

**പില്ക്കാല ചോളന്മാർ**

കുലോത്തുംഗചോള:
1070-1120 എ.ഡി.
വിക്രമ ചോള:
1118-1135 എ.ഡി.
കുലോത്തുംഗചോള രണ്ടാമൻ:
1133-1150 എ.ഡി.
രാജരാജചോള രണ്ടാമൻ:
1146-1163 എ.ഡി.
രാജാധിരാജ രണ്ടാമൻ:
1163-1178 എ.ഡി.
കുലോത്തുംഗ ചോള മൂന്നാമൻ:
1178-1218 എ.ഡി.
രാജരാജചോള മൂന്നാമൻ:
1218-1256 എ.ഡി.
രാജേന്ദ്രചോള മൂന്നാമൻ:
1246-1279 എ.ഡി.

വിവിധ ലിഖിതങ്ങളിൽനിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വംശാവലി തയ്യാറാക്കിയിരിക്കുന്നത്. ചില തെറ്റുകൾ കണ്ടേക്കാം. അത് സ്വാഭാവികമാണുതാനും. 1906-ൽ കണ്ടെടുത്ത തിരുവിലങ്ങാട് പട്ടയത്തിലും (Thiruvilangad Plates) ലെയ്ഡൻ പട്ടയത്തിലും (Layden Plates) വംശാവലിയെക്കുറിച്ച് വിശദ വിവരങ്ങൾ നല്കുന്നുണ്ട്.

മേൽ വിവരിച്ച മൂന്നാം വാല്യത്തിലെ (SII) മൂന്നാംഭാഗത്തിലെ നൂറ്റിഇരുപത്തിനാലാമത്തെ ലിഖിതം പരകേസരിവർമൻ എന്ന സ്ഥാനപ്പേര് സ്വീകരിച്ചിട്ടുള്ള ഉത്തമചോളയുടെതാണ് (ഭരണകാലം എ.ഡി. 970-985).

എം.ജി.എസ്. നാരായണൻ



1920-ൽ റാവു ബഹദൂർ എച്ച്. കൃഷ്ണശാസ്ത്രിയാണ് നൂറ്റിപ്പതിനേഴ് ലിഖിതങ്ങളെ സംബന്ധിച്ചുള്ള വാല്യം മൂന്നിലെ മൂന്നാംഭാഗം പ്രസിദ്ധീകരിച്ചത്. ആധുനിക തിരുവിടാമരുതൂരിലുള്ള മഹാലിംഗസ്വാമി ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ വടക്കേഭാഗത്തുള്ള ചുമരിലാണ് ഈ ലിഖിതം ഉള്ളത്. ചോളരാജാക്കന്മാർ പരകേസരിവർമൻ, രാജകേസരിവർമൻ

എന്നീ സ്ഥാനപ്പേരുകൾ ഒന്നിടവിട്ട് സ്വീകരിക്കാറുണ്ട്. ഉത്തമചോള പരകേസരിവർമൻ എന്ന സ്ഥാനപ്പേരാണ് അന്ന് സ്വീകരിച്ചത്. യുവരാജാവായ ആദിത്യ രണ്ടാമന്റെ (കരികാല ആദിത്യ ചോളൻ) മരണത്തിൽ ഉത്തമചോളയ്ക്ക് പങ്കുള്ളതായി സംശയിക്കുന്നു. ഉത്തമചോളയുടെ ഭരണകാലത്ത് നാലാംവർഷമാണ് ഈ ലിഖിതം കൊത്തിയുണ്ടാക്കിയിട്ടുള്ളത്. പ്രസ്തുത ക്ഷേത്രത്തിലെ വിളക്ക് തെളിയിക്കുന്നതിന് കടുപട്ടികൾ 'നന്ദിപൊട്ട അരയർ' സ്വർണം സംഭാവന നല്കിയതിന്റെ വിവരങ്ങളാണ് ലിഖിതത്തിലുള്ളത്.

കടുപട്ടിഗൾ (കടുപട്ടൻ, കടുപട്ടർ) നന്ദിപൊട്ട അരയർ (ദാനം ചെയ്ത വ്യക്തി) പല്ലവ രാജാവായ നന്ദിവർമൻ രണ്ടാമനാണ്. അദ്ദേഹം നന്ദിവർമൻ പല്ലവമല്ല എന്ന ബിരുദം സ്വീകരിച്ചിരുന്നു. ഉദയേന്ദിരം ദാനത്തിൽ (Udayendriam Grant) നന്ദിവർമൻ പല്ലവമല്ലയെക്കുറിച്ച് കൂടുതൽ വിവരങ്ങളുണ്ട് (SII-Vol. 2, ലിഖിതം 74).



ടോക്കിയോ സർവകലാശാലയിലെ ഇമിറിറ്റസ് പ്രൊഫസറും തയ്ഷൊ യൂണിവേഴ്സിറ്റിയിലെ ഇന്ത്യൻ പഠനവിഭാഗത്തിന്റെ പ്രൊഫസറും ആയ ഡോ. നൊബൊറു കരാഷിമ

അന്നുകാലത്ത് ക്ഷേത്രങ്ങളിൽ നാടകശാലകളുണ്ടായിരുന്നു എന്നതിന്റെ തെളിവുകൂടിയാണ് ഈ ലിഖിതം. നാടകശാലകളിൽവെച്ചാണ് സഭകൂടി തീരുമാനം എടുത്തിരുന്നത്. കടുപട്ടർ പല്ലവരാജാക്കന്മാരുമായി അഭേദ്യ ബന്ധമുള്ളവരായി തെളിയുന്നുണ്ട്. അതേ മൂന്നാംവാല്യത്തിൽ ലിഖിതം 197-ൽ കടുപട്ടർ (കടുപട്ടികൾ) വംശത്തെക്കുറിച്ച് പരാമർശമുണ്ട്. ഇത് ആദിത്യ രണ്ടാമൻ എന്ന ചോളരാജകുമാരന്റെ ലിഖിതമാണ്. പാർഥിവേന്ദ്രവർമൻ എന്ന സ്ഥാനപ്പേരാണ് ലിഖിതത്തിൽ കാണുന്നത്. ആദ്യത്യ രണ്ടാമൻ (കലികാല ചോളൻ) വളരെ ചെറുപ്പത്തിൽതന്നെ വലിയ യുദ്ധവീരനായിക്കഴിഞ്ഞിരുന്നു. പാണ്ഡ്യ രാജാക്കന്മാരുമായുള്ള യുദ്ധത്തിൽ വീരപാണ്ഡ്യന്റെ തലയെടുത്ത പോരാളി എന്ന വിശേഷണം അദ്ദേഹത്തിന്റെ എല്ലാ ലിഖിതങ്ങളിലും കാണാം (വീരപാണ്ഡ്യൻ തലൈ കൊണ്ട ആദിത്യ കരികാലൻ). 'ചെവ്വൂർ' യുദ്ധത്തിലായിരിക്കണം വീരപാണ്ഡ്യൻ കൊല്ലപ്പെട്ടത്. തിരുമലപ്പുറത്തുള്ള മണികണ്ഠേശ്വര ക്ഷേത്രത്തിലാണ് ഈ ലിഖിതം ഉള്ളത്. പ്രസ്തുത ക്ഷേത്രത്തിലെ രണ്ട് വിളക്കുകൾ കത്തിക്കുന്നതിനാണ് ആദിത്യ രണ്ടാമൻ 25 'കളഞ്ച്' (കഴിഞ്ച്) സ്വർണം സംഭാവനനല്കിയത്.

**എഴുത്തച്ഛന്റെ ഭക്തി ക്ഷേത്രകേന്ദ്രിതമല്ല. ഒരു ക്ഷേത്രത്തിലേക്കും അദ്ദേഹം പോയതുമില്ല. മേല്പത്തൂർ നാരായണൻ ഭട്ടതിരിയുടെയും പൂന്താനം നമ്പൂതിരിയുടെയും ഭക്തിയിൽനിന്ന് എഴുത്തച്ഛന്റെ ഭക്തി വ്യത്യസ്തമാകുന്നത് ഇവിടെയാണ്.**

പ്രസ്തുത നിധിയുടെ പലിശ ഉപയോഗിച്ചാണ് വിളക്ക് കത്തിക്കേണ്ടത്. പ്രധാന ക്ഷേത്രത്തിന്റെ വടക്കുഭാഗത്തെ മതിലിലാണ് ലിഖിതം രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ വിളക്കുകൾ ദാനംചെയ്തിട്ടുള്ള നന്ദിവർമൻ കടുപട്ടികൾ, പല്ലവരാജവംശത്തോടു ബന്ധമുള്ള ആദിത്യൻ രണ്ടാമന്റെ രാജ്ഞിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽനിന്ന് ചോള-പല്ലവ വൈവാഹിക ബന്ധത്തെക്കുറിച്ച് വിവരം ലഭിക്കുന്നു.

പല്ലവ-ചോള സംസ്കൃതിയുടെ സ്വാധീനം തുഞ്ചത്ത് എഴുത്തച്ഛനിലും കാണാം. ഇത് വളരെ ഗൗരവമായ രീതിയിൽ പഠനവിഷയമാക്കേണ്ടതാണ്. വാല്യം പതിമൂന്നിൽ (SII) കടുപട്ടികൾ അഥവാ കടുപട്ടർ ആയി ബന്ധമുള്ള രണ്ട് ലിഖിതങ്ങളുണ്ട്. ലിഖിതം 351-ഉം 304-ഉം ആണ് അത്. വാല്യം 17-ലും (SII) കടുപട്ടികളെക്കുറിച്ച് പരാമർശം ഉണ്ട്. ലിഖിതം നമ്പർ 517 ആണ് അത്. അദ്ദേഹത്തിന്റെ മൂത്ത രാജ്ഞി (മൂത്ത കീഴാനടികൾ) ഒരു കടുപട്ടരുടെ പുത്രിയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (അടിക്കുറിപ്പ് 4). വാല്യം 19-ലും കടുപട്ടികളെക്കുറിച്ച് പരാമർശം ഉണ്ട് (ലിഖിതം 90, 91 അടിക്കുറിപ്പ് 5). വാല്യം 22-ലും കടുപട്ടർ അഥവാ കടുപട്ടികൾ പരാമർശമുണ്ട് (അടിക്കുറിപ്പ് 6). പാർഥിവേന്ദ്രവർമന്റെതാണ് ഈ ലിഖിതം (ആദിത്യ കരികാലൻ).

ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ പുറത്തിറക്കിയിട്ടുള്ള ആന്വൽ റിപ്പോർട്ടുകളിൽ ഇവരെക്കുറിച്ചുള്ള പരാമർശം ഉണ്ട്. ഉന്നത സ്ഥാനീയരായിരുന്ന കടുപട്ടർ അഥവാ കടുപട്ടികൾക്ക് എങ്ങനെ ആ പദവി നഷ്ടപ്പെട്ടുവെന്ന് ഗഹനമായ ഗവേഷണത്തിലൂടെ കണ്ടുപിടിക്കേണ്ടതാണ്. അവർ മലബാർതീരത്ത് വന്നപ്പോൾ കടുപട്ടൻ അഥവാ കടുപട്ടർ ആയി. പിന്നീട് അവർ തൊഴിലിന്റെ അടിസ്ഥാനത്തിൽ എഴുത്തച്ഛൻ സമുദായമായി. എഴുത്തച്ഛൻ സമുദായക്കാരെ 'പതനംപിഴ' അഥവാ പദവി നഷ്ടപ്പെട്ടവർ എന്ന് വിളിക്കാറുണ്ട്. ഇന്നത്തെ എഴുത്തച്ഛൻസമുദായത്തിന്റെ മുൻതലമുറക്കാർക്ക് രണ്ടുപ്രാവശ്യം പദവികൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഒന്നാമത്തേത് പൂർവദേശത്തുവെച്ച്. രണ്ടാമത്തേത് പട്ടർനടക്കാവിലെ കുടിയേറ്റത്തിനുശേഷം.

ടോക്കിയോ സർവകലാശാലയിലെ ഇമിറിറ്റസ് പ്രൊഫസറും തയ്ഷൊ (Taisho) യൂണിവേഴ്സിറ്റിയിലെ ഇന്ത്യൻ പഠനവിഭാഗത്തിന്റെ പ്രൊഫസറും ആയ ഡോ. നൊബൊറു കരാഷിമ (Dr. Noboru Karashima) ദക്ഷിണേന്ത്യൻ ലിഖിതങ്ങളെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ നടത്തിയ ഗവേഷകനും നിരവധി ചരിത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള അന്താരാഷ്ട്ര പ്രസിദ്ധിയുള്ള ഒരു ചരിത്രപണ്ഡിതനുമാണ്.

ദക്ഷിണേന്ത്യയിലെ അഞ്ചാംനൂ



റ്റാണ്ട് മുതൽ പതിനൊന്നാംനൂറ്റാണ്ട് വരെയുള്ള ലിഖിതങ്ങൾ പതിമൂന്ന്, പതിനാല് നൂറ്റാണ്ടിലുള്ള ലിഖിതങ്ങളുമായി ഉള്ളടക്കത്തിൽ വ്യത്യസ്തത പുലർത്തുന്നുവെന്ന് ഡോ. കരാഷിമ രേഖപ്പെടുത്തിയിട്ടുണ്ട്. പതിമൂന്ന്, പതിനാല് നൂറ്റാണ്ടിലെ ലിഖിതങ്ങളിൽ ബ്രാഹ്മണ മതമേധാവിത്വത്തിനെതിരായ ശക്തികൾ ഉയർന്നുവന്നതിന്റെ തെളിവുകൾ ഉള്ളതായും ഡോ. കരാഷിമ രേഖപ്പെടുത്തിയിട്ടുണ്ട്. 'ഇടംകൈ', 'വലംകൈ', വിവിധ കച്ചവടക്കൂട്ടങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവ ബ്രാഹ്മണമേധാവിത്വത്തിനെതിരായി ശക്തിപ്രാപിച്ചിരുന്നു. 'ഇടംകൈ', 'വലംകൈ' എന്നിവ വിവിധ തൊഴിലാളികളുടെ ജാതിക്കൂട്ടങ്ങളായിരുന്നു. ഇവരുടെ ഇടയിൽ ജാതികൾ തമ്മിലുള്ള കീഴ്മേൽ നിലകൾ ഉണ്ടായിരുന്നില്ല. എ.ഡി. 1429-ൽ തമിഴ്നാടിന്റെ മധ്യപ്രദേശത്തുവെച്ച് ഇടംകൈ, വലംകൈ ജാതിഗ്രൂപ്പുകൾ യോജിച്ചുകൊണ്ട് വിജയനഗര രാജാക്കന്മാർക്കെതിരെ പോരാടിയിട്ടുണ്ട്. അഞ്ചു നൂറ്റാണ്ടുകളിൽ ഇവരുടെ സ്വാധീനം ലിഖിതങ്ങളിൽ കാണാം. 1429-നുശേഷം പോരാട്ടങ്ങളുടെ ചരിത്രം ലിഖിതങ്ങളിൽ കാണാനില്ലെന്ന് ഡോ. കരാഷിമ രേഖപ്പെടുത്തിയിട്ടുണ്ട് (ഹിന്ദു ദിനപ്പത്രം, ഫിബ്രവരി 15, 2006).

അടുത്തകാലത്ത് അന്തരിച്ച അമേരിക്കൻ ചരിത്രകാരനായ ബർട്ടൻ സ്റ്റൈൻ (Burton Stein. 1926-1996) തന്റെ 'മധ്യകാല ദക്ഷിണേന്ത്യയിലെ കർഷക ദേശീയതകളും സമൂഹവും' (Peasant State and Society in Medieval South India) എന്ന വിശ്രുത ഗ്രന്ഥത്തിൽ 'കടുപട്ടർ' എന്ന വംശത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

കേരളത്തിൽ 12 മുതൽ 16 വരെ നൂറ്റാണ്ടുകൾ നമ്പൂതിരിയുഗമായിരുന്നു. നമ്പൂതിരിമാർക്ക് അത്രമേൽ മേധാവിത്വമുണ്ടായിരുന്ന നൂറ്റാണ്ടുകളായിരുന്നു അവ. ജീർണത അതിന്റെ ഉച്ചകോടിയിൽ എത്തിയ നൂറ്റാണ്ടുകളായിരുന്നു 15, 16 നൂറ്റാണ്ടുകൾ. നമ്പൂതിരിയുഗത്തിന്റെ അന്ത്യത്തിലാണ് എഴുത്തച്ഛന്റെ ജനനം. ആ ജീർണതകൾക്കെതിരായ 'സഭ്യത'യുടെ വിപ്ലവമായിരുന്നു എഴുത്തച്ഛൻ നടത്തിയത്. സമൂഹത്തെ ഗ്രസിച്ചിരുന്ന ജീർണതകൾക്കെതിരായാണ് എഴുത്തച്ഛൻ തന്റെ സാഹിത്യത്തിലൂടെ പ്രതികരിച്ചത്.

ജാതിനാമാദികൾക്കല്ല ഗുണഗണ-
ഭേദമെന്നത്രെ; ബുധന്മാരുടെ മതം
(അധ്യാത്മ രാമായണം)

എന്നു പ്രഖ്യാപിച്ച എഴുത്തച്ഛൻ തന്റെ കാലഘട്ടത്തിനോട് പ്രതികരിച്ചില്ല എന്നു പറയുന്നത് ശരിയല്ല. ഈ ഇരുപതാംനൂറ്റാണ്ടിൽപോലും ഒരു നായരും നമ്പൂതിരിയും ആത്മാർഥമായി ഉള്ളിന്റെയുള്ളിൽനിന്ന് ഇങ്ങനെ എഴുതുകയില്ല. കപട നാട്യങ്ങളിൽ അവർ വളരെ വിദഗ്ധരാണ് എന്നു മാത്രം. ജാതി-വർണ വ്യവസ്ഥയ്ക്ക് എതിരായ ഒരു യുദ്ധപ്രഖ്യാപനമാണ് ആ വരികൾ. ഭക്തിപ്രസ്ഥാനത്തിന്റെ മാനിഫെസ്റ്റോ എന്നു വേണമെങ്കിൽ അതിനെ വിളിക്കാം. ബ്രാഹ്മണപൗരോഹിത്യത്തെയാണ് എഴുത്തച്ഛൻ അതിലൂടെ വെല്ലുവിളിക്കുന്നത്. എഴുത്തച്ഛന്റെ ഭക്തി ക്ഷേത്രകേന്ദ്രിതമല്ല. ഒരു ക്ഷേത്രത്തിലേക്കും അദ്ദേഹം പോയതുമില്ല. മേല്പത്തൂർ നാരായണൻ ഭട്ടതിരിയുടെയും പൂന്താനം നമ്പൂതിരിയുടെയും ഭക്തിയിൽനിന്ന് എഴുത്തച്ഛന്റെ ഭക്തി വ്യത്യസ്തമാകുന്നത് ഇവിടെയാണ്. മേല്പത്തൂരിന്റെ ഭക്തി തന്റെ വാതരോഗം മാറ്റിക്കിട്ടുന്നതിനാണ്. എഴുത്തച്ഛന്റെ ഭക്തി തന്റെ സമൂഹത്തിന്റെ 'വാതരോഗം' മാറ്റുന്നതിനാണ്. ഒന്ന് വ്യക്തികേന്ദ്രിതവും എഴുത്തച്ഛന്റേത് സമൂഹകേന്ദ്രിതവുമാണ്. ഭക്തിയുടെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം എഴുതിയത് ശ്രദ്ധിക്കുക–''ഭക്തിഹീനന്മാർക്ക് നൂറായിരം ജന്മംകൊണ്ടും സിദ്ധിക്കയില്ല തത്വജ്ഞാനവും കൈവല്യവും.''


അലക്സ് ഡി -മെനെസിസ്

**ജീർണത അതിന്റെ ഉച്ചകോടിയിൽ എത്തിയ നൂറ്റാണ്ടുകളായിരുന്നു 15, 16 നൂറ്റാണ്ടുകൾ. നമ്പൂതിരിയുഗത്തിന്റെ അന്ത്യത്തിലാണ് എഴുത്തച്ഛന്റെ ജനനം. ആ ജീർണതകൾക്കെതിരായ 'സഭ്യത'യുടെ വിപ്ലവമായിരുന്നു എഴുത്തച്ഛൻ നടത്തിയത്.**

പുരോഹിതൻ എന്ന ഇടനിലക്കാരൻ ഇല്ലാത്ത ഭക്തിയാണ് അദ്ദേഹം ഉദ്ഘോഷിച്ചത്. അന്ന് നിലവിലുണ്ടായിരുന്ന ബ്രാഹ്മണഭക്തി അർഥശൂന്യമാണെന്ന് നിർദോഷരൂപേണ പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. ഭക്തിയുടെ മഹത്വത്തെപ്പറ്റി അദ്ദേഹം ഉദ്ഘോഷിക്കുന്നത് നോക്കുക:

ജാതിനിന്ദിതൻ, പരസ്ത്രീധനഹാരി-
പാപി
മാതൃഘാതകൻ, പിതൃഘാതകൻ
ബ്രാഹ്മഹന്താ
യോഗിവൃന്ദാപകാരി
സുവർണസ്തേയി, ദുഷ്ടൻ
ലോകനിന്ദിതനേറ്റമെങ്കിലുമവൻ,
ഭക്ത്യാ
രാമനാമത്തെ ജപിച്ചിടുകിൽ,
ദേവകളാ-
ലാമോദപൂർവം പൂജ്യനായ്
വരുമാത്രയല്ല
യോഗീന്ദ്രന്മാരാൽപോലുമലഭ്യമായ
വിഷ്ണു-
ലോകത്തെ പ്രാപിച്ചിടുമില്ല
സംശയമേതും

ഏത് അനീതിക്കും എതിരായ ഒറ്റമൂലിയാണ് ഭക്തി എന്നാണ് അദ്ദേഹത്തിന്റെ മതം.

15, 16 നൂറ്റാണ്ടുകളിൽ അഖിലേന്ത്യാ വ്യാപകമായി അലയടിച്ച ഭക്തിപ്രസ്ഥാനത്തിന്റെ കേരളത്തിലെ ഏറ്റവും ശക്തനായ വക്താവായിരുന്നു എഴുത്തച്ഛൻ.

ഗുരുനാനാക്ക്, കബീർ, തുക്റാം, രവിദാസ് എന്നിവരായിരുന്നു അവരിൽ പ്രമുഖർ. യൂറോപ്പിലെ നവോത്ഥാന മതനവീകരണ പ്രസ്ഥാനത്തിന് സമാന്തരമായി ഇന്ത്യയിൽ രൂപപ്പെട്ടതാണ് ഭക്തിപ്രസ്ഥാനം.

ഇന്ത്യയിൽനിന്ന് തിരോധാനം ചെയ്ത ബൗദ്ധദർശനങ്ങളുടെ പുനരുദ്ധാനമാണ് നാം ഭക്തിപ്രസ്ഥാനത്തിലൂടെ ദർശിക്കുന്നത്. പോർച്ചുഗീസുകാരോട് എ.കെ. 47 തോക്ക് ഉപയോഗിച്ച് എഴുത്തച്ഛൻ പോരാടിയില്ല എന്നതാണ് വി.സി. ശ്രീജന്റെ മുഖ്യ പരാതി.

എഴുത്തച്ഛൻ മുഖ്യമായും പോരാടിയത് നമ്പൂതിരിമേധാവിത്വത്തിനോടാണ്; അവരുടെ ആജ്ഞാനുവർത്തികളായ നായന്മാരോടും. 1498-ൽ വാസ്കോഡിഗാമ കോഴിക്കോട്ട് കപ്പൽ ഇറങ്ങിയതോടുകൂടിയാണ് കേരളത്തിലെ നാടുവാഴികൾക്ക് ജീവൻവെച്ചത്. അതുവരെ നമ്പൂതിരിമാരുടെ തടവറയിലായിരുന്നു അവർ. സാമൂതിരി പോർച്ചുഗീസുകാരുമായി തെറ്റിയത് കച്ചവടത്തിന്റെ കാര്യത്തിലാണ്. അവരെ തമ്മിൽ തെറ്റിക്കുന്നതിൽ മുസ്ലിം കച്ചവടക്കാർക്കും വലിയ പങ്കുണ്ട്. കച്ചവടമത്സരത്തിൽ സാമൂതിരി ഇരയാവുകയാണ് ഉണ്ടായത്. സാമൂതിരിമാർ ജന്മനാ ക്ഷത്രിയന്മാർ അല്ലാത്തതുകൊണ്ട് തങ്ങൾ താഴ്ന്ന ജാതിക്കാരാണെന്ന അപകർഷബോധം അവരെ എല്ലായ്പ്പോഴും പിടികൂടിയിരുന്നു. അതുകൊണ്ടുതന്നെ അസാധാരണമായ നമ്പൂതിരിഭ്രമം അവരെ പിടികൂടിയിരുന്നു. അതുകൊണ്ടുതന്നെ എഴുതാൻപറ്റാത്ത രീതിയിലുള്ള പല അനാചാരങ്ങളും അവരെ പിടികൂടിയിരുന്നു. ഇതുകൊണ്ടുതന്നെയാണ് സാക്ഷാൽ ക്ഷത്രിയനായ കൊച്ചിരാജാവിനെ (പെരുമ്പടപ്പ് സ്വരൂപം) വൃഥാ ആക്രമിച്ച് പീഡിപ്പിച്ചുകൊണ്ടിരുന്നത്. ഒരു സാമൂതിരി അരിയിട്ടുവാഴ്ച നടത്തിയാൽ കൊച്ചിയെ ആക്രമിച്ചുകീഴടക്കുക എന്നത് ഒരു സ്ഥിരം പതിവാക്കിയിരുന്നു. ആക്രമിച്ചുകീഴടക്കിയാൽ ഉടനെതന്നെ അവർക്ക് രാജ്യം തിരിച്ചുനല്കാറുമുണ്ട്. പോർച്ചുഗീസുകാരുടെ വരവിനു മുൻപ് സാമൂതിരി ഒരു വലിയ വാണിജ്യശക്തിയായിരുന്നു. മുസ്ലിം കച്ചവട

ക്കാരുടെ പിന്തുണകൊണ്ടാണ് ഇതു സാധിച്ചത്. 1498-നുശേഷം കാര്യങ്ങൾ തകിടംമറിഞ്ഞു. അതിനുശേഷം കൊച്ചിക്ക് പിടിച്ചുനില്ലാനായി. സാമൂതിരിക്ക് ഉണ്ടായിരുന്നതുപോലുള്ള ഉറച്ച പിന്തുണ കൊച്ചിക്ക് ഉണ്ടായിരുന്നെങ്കിൽ കൊച്ചിയും ഒരു വലിയ രാഷ്ട്രീയശക്തിയായി മാറിയേനെ.

നമ്പൂതിരിമാരുടെ അധികാരപ്രമത്തതയും ദുഷ്ടതയും എന്നും ഇരയായിട്ടുള്ള ആളാണ് എഴുത്തച്ഛൻ. നമ്പൂതിരിമാരുടെ വെറും അടിമകളായിരുന്നു നാടുവാഴികളും രാജാക്കന്മാരും (വെറും ഏഴാംകൂലി രാജാക്കന്മാർ). വിദ്യാഭ്യാസ നിഷേധത്തിലൂടെ നായന്മാരെ അവർ വെറും അടിമകളും പാദസേവകരും ആക്കി. അതുകൊണ്ടുതന്നെ എഴുത്തച്ഛന് നമ്പൂതിരിമാരോടും നാടുവാഴികളോടും നായന്മാരോടും യാതൊരു പ്രതിപത്തിയും ഉണ്ടാകാനിടയില്ല. നമ്പൂതിരിമാരുടെ, അതിലൂടെ നായന്മാരുടെയും ജാതിപീഡനം ഏറ്റുവാങ്ങിയ എഴുത്തച്ഛൻ അതിനെതിരായി ഭക്തിമാർഗത്തിലൂടെ പ്രതികരിച്ചു എന്നു മാത്രം. നമ്പൂതിരിമാരുടെ തലവനായിരുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ നേതൃത്വത്തിൽ നടന്ന ജാതിപീഡനം മൂലമാണ് എഴുത്തച്ഛന് സ്വന്തം നാടായ തിരൂരിൽനിന്ന് ഒളിച്ചോടി നമ്പൂതിരിമാർ ചേക്കേറാത്ത അഥവാ ഉപേക്ഷിച്ചുപോയ പാലക്കാട് ചിറ്റൂരിലേക്ക് കുടിയേറേണ്ടിവന്നത്. എഴുത്തച്ഛൻകൃതികളിൽ കാണുന്ന അല്ലെങ്കിൽ വാരിവിതറിയിട്ടുള്ള ബ്രാഹ്മണസ്തുതി ഒരു വെറും അടവ് അഥവാ കൗശലം മാത്രമാണ്. എഴുത്തച്ഛന്റെ തല കഴുത്തിൽ ഉറച്ചിരിക്കുന്നതിന് ഇത് അവശ്യം ആവശ്യമായിരുന്നു.

എഴുത്തച്ഛൻ ചിറ്റൂരിൽ തമിഴ് ബ്രാഹ്മണരുമായി സഖ്യം ഉണ്ടാക്കുകയും ചെയ്തു. നമ്പൂതിരിമാർ തമിഴ് ബ്രാഹ്മണരെ രണ്ടാംതരം ബ്രാഹ്മണരായിട്ടാണ് കണ്ടിരുന്നത്. എഴുത്തച്ഛൻസമുദായത്തിന്റെ മുൻകാല ചോള-പല്ലവ ബന്ധങ്ങൾ അതിന് അനുകൂലമായിരുന്നു. എഴുത്തച്ഛന്റെ നിരന്തരമായ വിദേശവാസത്തിന്റെയും രഹസ്യം മറ്റൊന്നല്ല. നമ്പൂതിരിയുഗത്തിലും അതിനുശേഷം കുറച്ചുകാലത്തും നമ്പൂതിരിമാർ നായന്മാർക്ക് അക്ഷരം നല്കുന്നതിൽ വിമുഖരായിരുന്നു. കാര്യം സ്പഷ്ടമാണ്. നമ്പൂതിരിമാർ നായന്മാരെ അടിമകളായിട്ടാണ് കണ്ടിരുന്നത്. നായർസ്ത്രീകളെ നമ്പൂതിരിമാർ അവരുടെ പൊതുസ്വത്താക്കി മാറ്റി. അവർക്ക് കുടുംബജീവിതം നിഷേധിച്ചു. അവരെ അവർ പൂർണമായി ചൂഷണംചെയ്തു. ഇതിലൂടെ നായന്മാർക്ക് ചില നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും മേഖലയിലാണ് പൂർണമായും അധഃപതിച്ചത്. കേരളത്തിലെ നായന്മാർ ഇന്ന് ഭരണവർഗമായിമാറിയത് നമ്പൂതിരിസംബന്ധത്തിലൂടെയാണ്. നായന്മാർ സംസ്കാരസമ്പന്നരായാൽ തങ്ങൾക്ക് അവരുടെ മേലുള്ള മേധാവിത്വം ഇല്ലാതാവുമെന്ന ഭയംകൊണ്ടാണ് നമ്പൂതിരിമാർ നായന്മാരെ വിദ്യ അഭ്യസിക്കുന്നതിൽനിന്നു തടഞ്ഞത്. അതേസമയം ബൗദ്ധ-ജൈന പാരമ്പര്യമുള്ള ജാതിക്കാർ അക്ഷരം അഭ്യസിക്കുന്നതിൽ നമ്പൂതിരിമാർ കാര്യമായി എതിർത്തിരുന്നില്ല. അവർ അവരുടേതായ രീതിയിൽ അക്ഷരവിദ്യ അഭ്യസിച്ചിരുന്നു. അതിനെ 'നാനംമോനം' രീതി എന്നാണ് വിളിക്കുന്നത്. കേരളത്തിൽ പതിനെട്ടാം നൂറ്റാണ്ടുവരെ ഈ രീതി പ്രബലമായിരുന്നുവെന്ന് ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ഒന്നാംവാല്യത്തിൽ ടി.എ. ഗോപിനാഥറാവു പറയുന്നുണ്ട്. അക്ഷരവിദ്യ പഠിപ്പിക്കുന്നതിനും അക്ഷരമാലയ്ക്കും അന്ന്

**എഴുത്തച്ഛൻകൃതികളിൽ കാണുന്ന അല്ലെങ്കിൽ വാരിവിതറിയിട്ടുള്ള ബ്രാഹ്മണസ്തുതി ഒരു വെറും അടവ് അഥവാ കൗശലം മാത്രമാണ്. എഴുത്തച്ഛന്റെ തല കഴുത്തിൽ ഉറച്ചിരിക്കുന്നതിന് ഇത് അവശ്യം ആവശ്യമായിരുന്നു.**

ഉപയോഗിച്ചിരുന്ന വട്ടെഴുത്തിനും നാനംമോനം എന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇന്ന് വിദ്യാരംഭം കുറിക്കുന്നതിന് ഉപയോഗിച്ചുവരുന്ന 'ഹരിശ്രീ ഗണപതയേ നമഃ' എന്ന മംഗളാചരണ വാക്യത്തിനു പകരമായി 'നമോത്തു ചിനതം' എന്ന പാലിവാക്യമാണ് ഉപയോഗിച്ചിരുന്നത്. 'നമോസ്തു ജിനതേ' എന്നാണ് സംസ്കൃതത്തിൽ അതിനെ പറയുക. ഞാൻ ഭഗവാൻ ബുദ്ധനെ നമസ്കരിക്കുന്നുവെന്നാണ് അതിന്റെ അർഥം. കുടിപ്പള്ളിക്കൂടങ്ങളിൽ 'നാനം', 'മോനം', ഇത്തനം, തൂനം, ചീനം, ഇന്നനം, താനം, ഉമ്മനം എന്ന വായിത്താരി ഗുരുനാഥൻ ഉച്ചരിക്കുമ്പോൾ കുട്ടികൾ ഇതിലെ ഓരോ വാക്കിലെയും പ്രധാനപ്പെട്ട അക്ഷരങ്ങളെടുത്ത് 'നമോത്തു ചിനതം' എന്ന് അരിയിലോ മണലിലോ എഴുതും. ഈ തൊഴിൽ ജാതിക്കാരുടെ സാമൂഹികപദവിയിൽ ഉണ്ടായ വീഴ്ച അവരുടെ ഇടയിലുള്ള സാക്ഷരതാപ്രവർത്തനത്തെ വിപരീതമായി ബാധിച്ചു എന്നു മാത്രം. യൂറോപ്യൻ അധിനിവേശത്തോടുകൂടിയാണ് നായന്മാർ അക്ഷരത്തിലേക്കു തിരിഞ്ഞത്. വിശിഷ്യാ ഡച്ച്-ബ്രിട്ടീഷ് കാലഘട്ടത്തിൽ. പോർച്ചുഗീസ് കാലഘട്ടത്തിൽ അവർക്ക് ഇക്കാര്യത്തിൽ വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഡച്ച്-ബ്രിട്ടീഷ് കാലഘട്ടത്തിൽ അവരുടെ ഉന്നതമായ സാമൂഹികപദവിമൂലം ഈ മേഖലയിൽ വമ്പിച്ച കുതിച്ചുകയറ്റം നടത്താൻ കഴിഞ്ഞു. മറ്റുള്ളവരെയെല്ലാം അവർ പിന്നിലാക്കി. പോർച്ചുഗീസ് കാലഘട്ടത്തിൽ അവരുടെ അക്ഷരനിലവാരം പരമശോചനീയമായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽപോലും നായന്മാരെക്കാളും സംസ്കൃതപണ്ഡിതന്മാർ ഈഴവസമുദായത്തിലായിരുന്നു. ഇക്കാര്യം പി.കെ. പത്മനാഭമേനോൻ കൊച്ചിരാജ്യ ചരിത്രത്തിൽ വ്യക്തമാക്കുന്നുണ്ട്.



ഡ്യൂറാറ്റേ ബാർബോസ

തുഞ്ചത്ത് എഴുത്തച്ഛന് ഇരുന്നൂറു വർഷങ്ങൾക്കു മുൻപും എഴുത്തച്ഛന് ഇരുന്നൂറു വർഷങ്ങൾക്കുശേഷവും ഒരു നായർകവിയെയോ പണ്ഡിതനെയോ സൃഷ്ടിക്കുന്നതിന് നായർസമുദായത്തിന് കഴിഞ്ഞിട്ടില്ല. ഉള്ളൂരിന്റെ സാഹിത്യചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും ഇത് ബോധ്യമാകും. അക്കാലത്തെ കവികൾ അല്ലെങ്കിൽ പണ്ഡിതന്മാർ ഒന്നുകിൽ നമ്പൂതിരിമാരോ അമ്പലവാസികളോ അല്ലെങ്കിൽ എഴുത്തച്ഛനെപ്പോലുള്ളവരോ ആയിരിക്കും. ഉദാഹരണം ഉണ്ണായിവാര്യർ, രാമപുരത്ത് വാര്യർ, കുഞ്ചൻ നമ്പ്യാർ, തൃക്കണ്ടിയൂർ അച്ചുതപിഷാരടി മുതൽപേർ. അതിനാൽ പതിനാറാംനൂറ്റാണ്ടിൽ തുഞ്ചത്ത് എഴുത്തച്ഛനെപ്പോലുള്ള ഒരു പ്രതിഭയെ സൃഷ്ടിക്കാൻ ഒരു നായർസമുദായത്തിന് കഴിയില്ല. അതുകൊണ്ടുതന്നെ തുഞ്ചത്ത് എഴുത്തച്ഛൻ ഒരിക്കലും നായരാവില്ല; മറ്റെന്ത് ജാതിക്കാരനായാലും. എഴുത്തച്ഛൻസമുദായത്തിന്റെ ചോള, പല്ലവ രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ മൂലമാണ് എഴുത്തച്ഛന് അന്നത്തെ നിലയിലുള്ള ഉന്നത വിദ്യാഭ്യാസം നേടാൻ കഴിഞ്ഞത്. അതിനാൽ എഴുത്തച്ഛൻ നായർജാതിക്കാരനെന്നുള്ള ശ്രീജന്റെ വിലയിരുത്തൽ പരമ അബദ്ധമാണ്. നായന്മാരിൽ ഓലയിൽ എഴുതുന്നതിനുള്ള അവകാശം വളരെ കുറച്ച് കുടുംബങ്ങൾക്കേ അന്നുണ്ടായിരുന്നുള്ളൂ. അവരെ 'പട്ടോല മേനോന്മാർ' എന്ന് വിളിക്കും. ക്ഷേത്രങ്ങളോട് അനുബന്ധിച്ചും കോവിലകങ്ങളോട് അനുബന്ധിച്ചുമാണ് അവരുണ്ടായിരുന്നത്. പെരുമ്പടപ്പ് സ്വരൂപത്തിൽ (കൊച്ചി രാജ്യത്ത്) മൂന്ന് പട്ടോലമേനോൻ കുടുംബം മാത്രമാണ് ഉണ്ടായിരുന്നത്. അതിലൊന്നാണ് പാലിയത്തച്ഛൻ കുടുംബം. അവർ കൊ

ച്ചിരാജ്യത്ത് പ്രധാനമന്ത്രിമാരായി. പാലിയത്തച്ഛന്മാർക്ക് പഴയ കൊച്ചിയിൽ പ്രാമുഖ്യം വന്നുതുടങ്ങിയത് ഡച്ച് കാലഘട്ടത്തോടുകൂടിയാണ്. വിദ്യാഭ്യാസ പ്രവർത്തനം നായന്മാരുടെ ഇടയിൽ നമ്പൂതിരിമാരും അവരുടെ നിർദേശാനുസരണം നാടുവാഴികളും പരിമിതപ്പെടുത്തിയിരുന്നതിന്റെ മറ്റൊരുദാഹരണം കൂടിയാണിത്. നായന്മാരുടെ സാംസ്കാരികരംഗത്തുള്ള പരിമിതിക്ക് എഴുത്തച്ഛൻതന്നെ സാക്ഷിയാണ്. എഴുത്തച്ഛൻ തന്റെ ഭാരതത്തിൽ ശാന്തിപർവത്തിൽ ശൂദ്രന്റെ ധർമങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന അവസരത്തിൽ ഇക്കാര്യത്തിൽ വ്യക്തമായ സൂചന നൽകുന്നുണ്ട്.

"അക്ഷരാനഭിജ്ഞത്വം മൂഢത്വവുമക്ഷരവ്യക്തി
വിഹീനാലാപനങ്ങളുമെല്ലാം
ശൂദ്രധർമങ്ങളെന്ന് ധരിക്ക
യുധിഷ്ഠിരാ-
ശൂദ്രന് ഭാഗിനേയൻ
പിണ്ഡകർത്താവായതു
ശൂദ്രന് ഗതി വരുത്തീടുവാനെളുതല്ല"
(ഭാരതം- ശാന്തിപർവം)

ശൂദ്രന്മാർ അക്ഷരം അറിഞ്ഞുകൂടാത്തവരായിരിക്കണം. മൂഢന്മാരായിരിക്കണം. മാത്രമല്ല, നല്ല ഭാഷയിൽ സംസാരിക്കാൻ അവർക്ക് അവകാശമില്ല. ഇത്രയൊക്കെയുമാണ് ശൂദ്ര ധർമങ്ങൾ. മാത്രമല്ല "ആരണർക്കൊരു ദുഃഖം കാണുമ്പോൾ തീർപ്പാൻ പ്രാണത്യാഗവും ചെയ്ത് സൽഗതി ലഭിക്കേണം" (ആരണർ= ബ്രാഹ്മണർ). നൂറുശതമാനം ദ്വിജന്റെ ദാസ്യപ്പണിയാണ് ശൂദ്രന്റെ കുലവൃത്തി.

ശാന്തിപർവത്തിലെ ഈ വരികൾ ഉദ്ധരിച്ചുകൊണ്ട് കെ.പി. പത്മനാഭമേനോൻ തന്റെ കൊച്ചി രാജ്യചരിത്രത്തിൽ എഴുതിയത് ശ്രദ്ധിക്കുക. ഇത് നായന്മാരെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണെന്ന്"ശൂദ്രന് പിണ്ഡകർത്താഭാഗിനേയനല്ലൊ" എന്നുകൂടി പറയുന്നതുകൊണ്ട് നിശ്ചയിക്കാം. (കെ.പി. പത്മനാഭമേനോൻ, കൊച്ചി രാജ്യചരിത്രം- P. 291. മാതൃഭൂമി എഡിഷൻ, 1989). കെ.പി. പത്മനാഭമേനോൻ തുടരുന്നു. "നമ്പൂതിരിമാർ സംസ്കൃത ഭാഷയെത്തന്നെ പ്രമാണമാക്കി മലയാള ഭാഷയെ നിഷിദ്ധ നിലയിൽ വെച്ചിരുന്നു. അവരുടെ അടിമകളായിരുന്ന ശൂദ്രാദികളെ വിദ്യ അഭ്യസിച്ചുകൂടാ എന്ന് സിദ്ധാന്തമുണ്ടായിരുന്നു. ഈ അസൂയ നിമിത്തം നാട്ടിലുണ്ടായിരുന്നതിലധികം ജനങ്ങളും മൂഢന്മാരായി തീരുവാൻ ഇടയായി. ശൂദ്രാദികൾക്ക് സ്പഷ്ടമായും വ്യക്തമായും സംസാരിക്കുന്നതുതന്നെ നമ്പൂതിരിമാർക്ക് അത്ര രസമല്ലായിരുന്നു... ബ്രാഹ്മണ ശുശ്രൂഷയൊഴികെ മറ്റൊന്നിൽ ബുദ്ധി പൊയ്ക്കൂടാ എന്നും അത് വേണ്ടവണ്ണം ചെയ്താൽ സദ്ഗതി വരുമെന്നും വിധിച്ചിട്ടുണ്ട്" (P. 290). എഴുത്തച്ഛൻ ഈ വരികളിലൂടെ നായന്മാരെ ഗൂഢമായി പരിഹസിക്കുന്നുണ്ട്. ശൂദ്രന് പിണ്ഡകർത്താവ് ഭാഗിനേയനായതുകൊണ്ട് ശൂദ്രന് ഗതികിട്ടാൻ എളുപ്പമല്ല എന്നുകൂടി എഴുത്തച്ഛൻ പ്രഖ്യാപിക്കുന്നുണ്ട്. പിണ്ഡകർത്താവ് ഭാഗിനേയൻ ആകേണ്ട ഗതികേട് (സ്വന്തം പുത്രന് പകരം) നായർക്കുണ്ടായതിനെയാണ് ഇവിടെ ഗൂഢമായ ഹാസ്യത്തിലൂടെ എഴുത്തച്ഛൻ വിമർശിക്കുന്നത്. ശരിയായരീതിയിലുള്ള വിവാഹസമ്പ്രദായം നായന്മാർക്കിടയിൽ ഇല്ലാത്തതിനെയാണ് എഴുത്തച്ഛൻ ഇവിടെ വിമർശനവിധേയമാക്കുന്നത്.

മൂന്ന് ബോധങ്ങളുടെ അഭാവമാണ് ശ്രീജനെ പിടികൂടിയിരിക്കുന്നത്. ഒന്ന് ചരിത്രബോധം. രണ്ട് കാലബോധം. മൂന്ന് സാമൂഹികബോധം. അതുകൊണ്ടാണ് എഴുത്തച്ഛനെ നായരാക്കുന്നത്.

**പുരോഹിതൻ എന്ന ഇടനിലക്കാരൻ ഇല്ലാത്ത ഭക്തിയാണ് അദ്ദേഹം ഉദ്ഘോഷിച്ചത്. അന്ന് നിലവിലുണ്ടായിരുന്ന ബ്രാഹ്മണഭക്തി അർഥശൂന്യമാണെന്ന് നിർദോഷരൂപേണ പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം.**

ഉള്ളൂർ



എഴുത്തച്ഛൻ പറയാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് വിമർശിച്ച ശ്രീജനെയും, നമുക്ക് ശ്രീജൻ പറയാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് വിമർശിക്കാം.

കേരളീയ സമൂഹത്തോട് ആ കാലഘട്ടത്തിൽ പുരോഗമനാത്മകമായി സംവദിച്ച, എഴുത്തച്ഛനെപ്പോലെ മറ്റൊരു വ്യക്തിയാണ് പോർച്ചുഗീസുകാരനും ഗോവൻ ആർച്ച് ബിഷപ്പും ഉദയംപേരൂർ സുനഹദോസിന്റെ സൂത്രധാരനുമായ അലക്സ് ഡി. മെനെസ്സിസ് (Alexio-de-Menezes, 1559-1617). 1599-ൽ ആണ് സുനഹദോസ് നടന്നത്. പോർച്ചുഗീസ് ഗവർണർ കൂടി ആയിരുന്നു മെനെസ്സിസ്. പോർച്ചുഗീസുകാരുടെ വരവിനു മുൻപ് കേരളത്തിലുണ്ടായിരുന്ന നസ്രാണികളെ റോമാ സഭയുമായി ബന്ധപ്പെടുത്തുന്നതിനാണ് സുനഹദോസ് സംഘടിപ്പിച്ചത്. നസ്രാണികളെ സിറിയൻ ക്രിസ്ത്യൻ എന്നു വിളിച്ചത് ഡച്ചുകാരാണ്. ഹിന്ദുമതത്തിലെ എല്ലാ അനാചാരങ്ങളും അന്നത്തെ നസ്രാണികളെയും ഗ്രസിച്ചിരുന്നു. അവർ ഹിന്ദുക്കളിലെ സവർണ ജാതിക്കാരെപ്പോലെയാണ് ജീവിച്ചിരുന്നത്. അവരെ അഹിന്ദുവത്കരിക്കുന്നതിനാണ് മെനെസ്സിസ് ശ്രമിച്ചത്. അതിലൂടെ അവരെ റോമാ സഭയുടെ ഭാഗമാക്കുന്നതിനാണ് ശ്രമിച്ചത്. അങ്ങനെ ഉദയംപേരൂർ സുനഹദോസ് കേരളത്തിലെ ആദ്യത്തെ ജാതിവിരുദ്ധ സമരമായി കലാശിച്ചു. പക്ഷേ, അത് വിജയിച്ചില്ല. 1653-ലെ കൂനൻകുരിശു സത്യത്തിലൂടെ നസ്രാണികൾ ജാതിയിലേക്ക് വീണ്ടും തിരിച്ചുപോയി. ഇന്നും ഈ നില തുടരുന്നു. ഉദയംപേരൂർ സുനഹദോസ് വിപ്ലവമായിരുന്നെങ്കിൽ കൂനൻകുരിശ് സത്യം പ്രതിവിപ്ലവമായിരുന്നു.

എന്നിരുന്നാലും ആധുനിക കേരളചരിത്രത്തിലെ മുഖ്യ നാഴികക്കല്ലാണ് ഉദയംപേരൂർ സുനഹദോസ്. സുനഹദോസിനെയും മെനെസ്സിസ് ബിഷപ്പിനെയും സ്മരിക്കാതെ ആ കാലഘട്ടത്തിന്റെ ചരിത്രം ചമയ്ക്കാൻ ശ്രീജൻ ശ്രമിച്ചത് അല്പം കടന്ന കൈയായിപ്പോയി.

1500 മുതൽ 1516-1517 വരെ കേരളത്തിൽ താമസിച്ച പോർച്ചുഗീസുകാരനായ ഡുറാറ്റേ ബാർബോസയെക്കുറിച്ച് (Durate Barbosa, 1521ൽ മരിച്ചു) പരാമർശിക്കാതെ പോയതും ശരിയല്ല. ബാർബോസയുടെ വിവരണങ്ങളിൽനിന്ന് നമുക്ക് ആ കാലത്തെക്കുറിച്ച് ശരിയായ വിവരം ലഭിക്കും. 'തുഹ്ഫത്തുൽ മുജാഹിദീൻ' (ഷെയ്ഖ് സൈനുദ്ദീൻ)നിന്നും നമുക്ക് വിവരങ്ങൾ ലഭിക്കും.

നായന്മാരുടെ ഇടയിലുള്ള ലൈംഗിക അരാജകത്വത്തെക്കുറിച്ചും മറ്റും ഡുറാറ്റേ ബാർബോസ വിവരം നൽകുന്നുണ്ട്. മാത്രമല്ല, നായന്മാർ, പുരുഷന്മാർ ആയുധ അഭ്യാസത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. നായർകുട്ടികൾ എഴുത്തുകളരിയിൽ പോകുന്നതിനെപ്പറ്റി യാതൊരു പരാമർശവും അതിലില്ല. ആയുധക്കളരിയിൽ പോകുന്നതിന്റെ വിവരങ്ങൾ ഉണ്ട് താനും. ഇത് എന്താണ് സൂചിപ്പിക്കുന്നത്? അക്ഷരവിദ്യ അന്ന് അവരിൽനിന്ന് അന്യമായിരുന്നു എന്നല്ലേ?

കേരളത്തിൽ ഇന്ന് നായന്മാർ ഭരണവർഗമാണ്. അതുകൊണ്ടാണ് അവർ തുഞ്ചത്ത് എഴുത്തച്ഛനെ എഴുത്തച്ഛൻ ജാതിയിൽനിന്ന് മാറ്റി നായരാക്കാൻ ബോധപൂർവം ശ്രമിക്കുന്നത്. ഇത് ഫാസിസമാണ്. ഇത് ചെറുത്തുതോല്പിക്കപ്പെടണം.

അവസാനമായി ശ്രീജൻ, എഴുത്തച്ഛന്റെ ജീവിതകാലം വളരെ കൃത്യമായി നൽകുന്നുണ്ട്. അതിന് ധീരതയ്ക്കുള്ള അവാർഡ് അദ്ദേഹത്തിനുതന്നെ കൊടുക്കണം. അതിനായി ഞങ്ങൾ ശുപാർശ ചെയ്യുന്നു. ■

(അഖിലകേരള എഴുത്തച്ഛൻ സമാജം വൈസ്പ്രസിഡന്റാണ് ലേഖകൻ)